**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 53** **29-01-2024 - ൽ മറുപടിയ്ക്ക്**

**സി.പി.ഒ. മാരുടെ കെ.എ.പി.1 റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 530/2019 വിജ്ഞാപന പ്രകാരം നിലവിൽ വന്ന കേരള പബ്ലിക് സർവീസ് കമ്മിഷന്റെ കെ.എ.പി.1, സി.പി.ഒ.റാങ്ക് ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ഏതു റാങ്ക് വരെയുള്ള എത്രപേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നും ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ച് ട്രെയിനിങ് അറ്റൻഡ് ചെയ്തു വരുന്നു എന്നുമുള്ള വിശദവിവരം നൽകാമോ; | (എ) | കാറ്റഗറി നമ്പർ 530/2019 വിജ്ഞാപന പ്രകാരം നിലവിൽ വന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കെ.എ.പി. 1, സി.പി.ഒ. റാങ്ക് ലിസ്റ്റിൽ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടെ ആകെ 1449 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് (മെയിൻ ലിസ്റ്റ് - 1203, സപ്ലിമെന്ററി ലിസ്റ്റ് - 246). പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 528 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിച്ചവരിൽ നിന്നും 402 പേർക്ക് ജോലിയിൽ പ്രവേശനം നൽകിയിരുന്നു. നിലവിൽ 379 പേർ പരിശീലനത്തിനായി പ്രവേശിച്ചിട്ടുണ്ട്. |
| (ബി) | ഏതു തീയതി വരെയുള്ള ഒഴിവുകൾ കണക്കാക്കിയാണ് ഇവർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ളത് എന്ന കാര്യം വ്യക്തമാക്കാമോ; | (ബി) | 11-01-2024 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | മേൽ അഡ്വൈസ് നൽകിയതിനു ശേഷം പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി നിലവിൽ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | നിയമന ശിപാർശ ചെയ്യപ്പെടുന്നതിനായി എൻ.ജെ.ഡി. ഒഴിവുകളൊന്നും തന്നെ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. 2024 ജൂൺ ഒന്ന് വരെയുണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാൻ വളരെ കുറച്ചുനാളുകൾ മാത്രമേ ഉള്ളൂ എന്ന സാഹചര്യം പരിഗണിച്ചും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികളിൽ ഭൂരിഭാഗം പേരും വീണ്ടും അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞവരാണെന്ന വസ്തുത കണക്കിലെടുത്തും നിലവിലുള്ള ഒഴിവുകൾ കണ്ടെത്തി പരമാവധി പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഡി) | നിലവിൽ സാധ്യമായ എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ